**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 943** **10-06-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധി ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (എ) | തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. |
| (ബി) | മേല്പറഞ്ഞ ഓരോ ബോർഡിന്റെയും 2019-20 ലെ ഭരണചെലവ്, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ എത്ര ലക്ഷം വീതമായിരുന്നുവെന്ന് അറിയിക്കുമോ; | (ബി) | തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ 2019-20 ലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണചെലവ് അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (സി) | ക്ഷേമനിധി ബോർഡുകളെല്ലാം സാമ്പത്തികമായി സ്വയം പര്യാപ്തമാണോ; അല്ലെങ്കിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; | (സി) | ക്ഷേമനിധി ബോർഡുകളെല്ലാം സാമ്പത്തികമായി സ്വയംപര്യാപ്തമല്ല. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺ അറ്റാച്ച്ഡ് വിഭാഗം) എന്നീ ബോർഡുകൾ തനത് ഫണ്ട് ഉപയോഗിച്ചാണ് ആനുകൂല്യങ്ങൾ നൽകി വരുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധം – 2 ആയി ചേർക്കുന്നു |
| (ഡി) | ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബോർഡുകൾ സംയോജിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിനും അതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഷോപ്പ് ആന്റ് |

| | | | |
|---|---|---|---|
| | | | കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും, കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പി ക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. മേൽപ്രകാരം ബോർഡുകളുടെ സംയോജനം നടപ്പിലാക്കുന്ന തിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നമ്പർ | ബോർഡിന്റെ പേര് | 2019-20 ലെ ഭരണച്ചെലവ് (രൂപ) |
|---|---|---|
| 1. | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2,56,74,223 |
| 2. | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,38,55,488 |
| 3. | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 49,34,432 |
| 4. | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 13,99,11,818 |
| | എ) കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമ പദ്ധതി | 73,863 |
| | ബി)കേരള ആട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി | 11,09,403 |
| 5. | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 3,19,88,668 |
| 6. | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് | 33,91,34,051 |
| 7. | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 4,70,56,001 |
| 8. | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 65,97,315 |
| 9. | കേരളാ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 22,41,495 |
| 10. | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 3,70,72,395 |
| 11. | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | 2,15,33,933 |
| 12. | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 22,01,086 |
| 13. | കേരള ബീഡി സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 29,74,591 |
| 14. | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 19,58,32,263 |
| 15. | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 15,18,48,147 |
| 16. | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 2,41,60,231 |

## അനുബന്ധം - 2

| ക്രമ നമ്പർ | ബോർഡിന്റെ പേര് | സർക്കാർ നൽകുന്ന ആനുകൂല്യം |
|---|---|---|
| 1. | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | പെൻഷൻ,പെൻഷൻ ഇതര ആനുകൂല്യങ്ങൾ, ഭരണച്ചെലവ്, പ്രസവാനുകൂല്യം |
| 2. | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ, സാമ്പത്തിക താങ്ങൽ, പ്രസവാനുകൂല്യം |
| 3. | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | ഗ്രാന്റ് , പ്രസവാനുകൂല്യം |
| 4. | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ( സ്കാറ്റേർഡ് വിഭാഗം) | പെൻഷൻ |
| 5. | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | അതിവർഷാനുകൂല്യം, മരണാനന്തര അതിവർഷാനുകൂല്യം, പ്രസവാനുകൂല്യം |
| 6. | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ,പ്രസവാനുകൂല്യം സാമ്പത്തിക താങ്ങൽ |
| 7. | കേരളാ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | സൂപ്പർ ആന്വേഷൻ പെൻഷൻ, പ്രസവാനുകൂല്യം |
| 8. | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ,പ്രസവാനുകൂല്യം |
| 9. | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | പ്രസവാനുകൂല്യം |
| 10. | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ, പ്രസവാനുകൂല്യം |
| 11. | കേരള ബീഡി സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | പ്രസവാനുകൂല്യം, പെൻഷൻ, പൂരക വേതനം |
| 12. | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | പെൻഷൻ, പ്രസവാനുകൂല്യം, വിവിധ ആനുകൂല്യ വിതരണത്തിനുള്ള സഹായം |

സാമ്പത്തിക ഭദ്രതയില്ലാത്ത എല്ലാ ക്ഷേമനിധി ബോർഡുകളിലേയും അംഗങ്ങൾക്ക് കോവിഡ് വ്യാപനത്തിന്റെ ഒന്നാം ഘട്ടത്തിൽ 1000 രൂപാ വീതം ധനസഹായമായി സർക്കാർ അനുവദിച്ചു നൽകിയിരുന്നു.